"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് -ചാങ്ങ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ.എ ഫക്രുദ്ദീൻ - നെ അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.244/2025/AYUSH    തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-    ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 24.04.2025 ലെ ഡിഐഎസ്എം/1023/2025-ഡി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിലെ ചാങ്ങ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ.എ ഫക്രുദ്ദീൻ കൃത്യനിർവ്വഹണത്തിനിടയിൽ ടിയാന്റെ അടുക്കൽ ചികിത്സയ്ക്കായി വന്ന യുവതിയോട് അപമര്യാദയായി പെരുമാറിയതിനെതിരെ 21.04.2025 ന് വകുപ്പിൽ പരാതി ലഭ്യമായതായും, ടി വിഷയത്തിൽ ഡോക്ടർക്കെതിരെ ആര്യനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, കൃത്യനിർവ്വഹണത്തിനിടയിൽ ഡോ. എ ഫക്രുദ്ദീന്റെ ഭാഗത്ത് നിന്നുമുള്ള ഇത്തരത്തിലുള്ള പെരുമാറ്റം അപകീർത്തികരവും വകുപ്പിന്റെ സത്പേരിന് തന്നെ കളങ്കം വരുത്തുന്നതുമാണെന്നതിനാൽ, ടിയാന്റെ ഇത്തരത്തിലുള്ള സ്വഭാവദൂഷ്യം കണക്കിലെടുത്ത് അടിയന്തരമായി സർവ്വീസിൽ നിന്നും മാറ്റി നിർത്തി തുടരന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ചാങ്ങ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ സീനിയർ മെഡിക്കൽ ഓഫീസർ ഡോ.എ ഫക്രുദ്ദീനെ KCS (CC&A) Rules 1960 ലെ ചട്ടം 10 പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു. നിയമാനുസൃതമുള്ള ഉപജീവനബത്തയ്ക്ക് ഡോ.എ ഫക്രുദ്ദീന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ,ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം
ഡോ.എ ഫക്രുദ്ദീൻ , സീനിയർ മെഡിക്കൽ ഓഫീസർ(ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വെബ് & മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 05-05-2025 12:52:21

പകർപ്പ് - ബഹു ആരോഗ്യവും വനിത ശിശുവികസനവും മന്ത്രിയുടെ പിഎസിന്